| 22-07-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളേ - താങ്കൾ മരിച്ചാൽ ഈ ലോകവും മരിയ്ക്കും, ബാബയുടേതാകുക എന്നാൽ ദേഹാഭിമാനമില്ലാതാകുക, ഒരു ബാബയല്ലാതെ മറ്റൊന്നും തന്നെ ഓർമ്മയിൽ വരില്ല.**

**ചോദ്യം:-** അന്തിമ സമയം സമീപത്ത് കണ്ടുകൊണ്ട് ഏതൊരു സ്ലോഗനാണ് സദാ ഓർമ്മയിൽ വെക്കേണ്ടത്?
**ഉത്തരം:-** "ചിലരുടെ ധനം മണ്ണിലടിയും, ചിലരുടെത് രാജാവ് പിടിച്ചെടുക്കും".... ഈ സ്ലോഗൻ സദാ ഓർമ്മയിൽ വെക്കൂ കാരണം ഇപ്പോൾ ദു:ഖത്തിന്റെ പർവ്വതം വീഴാൻ പോവുകയാണ്, എല്ലാവർക്കും മരണം ഉണ്ടാകും. നിങ്ങൾ കുട്ടികൾ ഇപ്പോൾ ബാബയിൽ പൂർണമായും ബലിയർപ്പിതരാകുന്നു, നിങ്ങളുടേതെല്ലാം സഫലമായി കൊണ്ടിരിക്കുന്നു. നിങ്ങൾ ഒരു ജന്മം ബലിയർപ്പിക്കുമ്പോൾ ബാബ 21 ജന്മത്തേക്ക് ബലിഹാരമാകുന്നു. 21 ജന്മം നിങ്ങൾക്ക് ലൗകീക മാതാപിതാക്കളുടെ സമ്പത്തിന്റെ ആവശ്യമില്ല. ദ്വാപരം മുതൽ ഏത് പോലെ കർമ്മം അത് പോലെ ഫലം ലഭിക്കുന്നു.

**ഗീതം:-** ഞാനൊരു ചെറിയ കുഞ്ഞ് അങ്ങോ സർവ്വശക്തിവാൻ.....

**ഓം ശാന്തി.** ഇത് മനുഷ്യർക്കേ അറിയൂ, ഉയർന്നതിലും ഉയർന്നത് ഭഗവാനാണ് എന്ന്. ഭഗവാനെ എപ്പോഴും പരമപിതാപരമാത്മാവ് എന്ന് പറയുന്നു മാത്രമല്ല പേരും ഉയർന്നതാണ് വാസസ്ഥാനവും. ഏറ്റവും ഉയർന്ന മൂലവതനത്തിൽ വസിക്കുന്നു. ഇപ്പോൾ ഗോഡ്ഫാദർ എന്ന് പറയുമ്പോൾ തീർച്ചയായും കുട്ടികളും ഉണ്ടാകും. നമ്മൾ അച്ഛനാണ് എന്ന് ഒരിക്കലും പറയാൻ സാധിക്കില്ല. സർവ്വവ്യാപീ എന്ന് പറയുന്നതിലൂടെ എല്ലാവരും അച്ഛനാകുന്നു. ആ അച്ഛനെ ഏറ്റവും മുകളിൽ പരംധാമിൽ ഇരിക്കുന്ന പരമപിതാ പരമാത്മാവ് എന്ന് പറയുന്നു. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, അതിനാൽ എല്ലാ ഭക്തരും ആ പരമാത്മാവിനെ ഓർമ്മിക്കുന്നു. പറയാറുമുണ്ട് - ഭക്തർക്ക് ഭക്തിയുടെ ഫലം നൽകുന്നതിന് ഭഗവാന് തന്നേയാണ് വരേണ്ടി വരുന്നത്. ആ ബാബ തന്നേയാണ് സ്വർഗത്തിന്റെ രചയിതാവ്. രചയിതാവ് തീർച്ചയായും പുതിയ ലോകം തന്നേയാണ് രചിക്കുന്നത്. എങ്കിൽ എവിടേയാണ് വരുന്നത്. പതിത ലോകത്തിലോ അതോ പാവന ലോകത്തോ? നോക്കൂ, ഈ കാര്യങ്ങൾ നല്ല രീതിയിൽ മനസിലാക്കേണ്ടതാണ്. നിങ്ങൾ ചെറിയവരൊന്നുമല്ല. ശരീരത്തിന്റെ ഇന്ദ്രിയങ്ങൾ വലുതല്ലേ. നിങ്ങൾക്കറിയാം എല്ലാവരും ബാബയെ ഓർമ്മിക്കുന്നു എന്ന്, ഇവിടെ ദു:ഖമാണ് എന്ന് മനസിലാക്കുന്നു. ഞങ്ങളെ ശാന്തിയും സുഖവുമുള്ളിടത്തേക്ക് കൊണ്ട് പോകൂ. ഡ്രാമയനുസരിച്ച് ബാബയ്ക്ക് വരിക തന്നേ വേണം. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതും ഉണ്ടാക്കി കൊണ്ടിരിക്കുന്നതും........ഇതിൽ യാതൊരു വ്യത്യാസവും ഉണ്ടാകുക സാധ്യമല്ല. ലോകത്തിന്റെ ഹിസ്റ്ററി ജ്യോഗ്രഫി ചക്രം കറക്കി കൊണ്ടിരിക്കുന്നു. 4 യുഗങ്ങൾ കറങ്ങി കൊണ്ടിരിക്കുന്നു. കലിയുഗത്തിന് ശേഷം സംഗമയുഗം ഉണ്ടാകുന്നു, കലിയുഗത്തിന്റേയും സത്യയുഗത്തിന്റേയും ഇടയിൽ ഈ മംഗളകാരീ ധർമ്മത്തിന്റ യുഗം. ഇത് പുരുഷോത്തമ യുഗമാണ് അർത്ഥം ഉത്തമത്തിലും ഉത്തമമായ യുഗം, മര്യാദാപുരുഷോത്തമരാക്കുന്ന യുഗം. ഈ യുഗത്തെ പോലെ ഉത്തമമായ യുഗം വേറെ ഉണ്ടാകുന്നില്ല. സത്യ - ത്രേതായുഗത്തിന്റെ സംഗമയുഗത്തിന് പ്രാധാന്യമൊന്നുമല്ല. അതിൽ സുഖത്തിന്റെ രണ്ട് കല കുറയുന്നു. ഈ സംഗമയുഗത്തിന് തന്നേയാണ് മഹിമ. ബാബയാണ് ഉയർന്നതിലും ഉയർന്നത് എന്ന് നിങ്ങൾക്കറിയാം. സർവ്വവ്യാപിയല്ല. കുട്ടികൾ എത്ര വലിയ അപരാധമാണ് ചെയ്യുന്നത് എന്നാൽ അപരാധവും ഡ്രാമയനുസരിച്ച് നടക്കുക തന്നെ വേണം. ഞാൻ വീണ്ടും വന്ന് നിരപരാധികളാക്കി തീർക്കുന്നു. ബാബ പറയുന്നു എന്നെ നിങ്ങൾ ഉയർന്നതിലും ഉയർന്ന ഭഗവാൻ എന്ന് പറയുന്നു ഞാൻ പിന്നീട് നിങ്ങൾ കുട്ടികളെ എന്നേക്കാൾ ഉയർന്നതാക്കുന്നു, അപ്പോൾ ഭക്തർ ഓർമ്മിക്കുന്നു. എന്നാൽ സർവ്വവ്യാപി എന്ന് പറയുന്നതിലൂടെ മണ്ണിൽ ഇട്ടു. സ്വയവും ഇങ്ങിനെ ദരിദ്രരും ദു:ഖികളുമായി. ഭാരതം സുഖധാമമായിരുന്നു. ഇപ്പോൾ ദു:ഖധാമമാണ്. ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങളെ എന്നേക്കാൾ ഉയർന്നവരാക്കുന്നു. ഞാൻ പരംധാം ബ്രഹ്മാണ്ഡത്തിൽ വസിക്കുന്നു. നിങ്ങളും അവിടെ വസിക്കുന്നു പിന്നീട് പാർട്ടഭിനയിക്കുന്നതിന് ഇവിടെ വരുന്നു. ഉയർന്നതിലും ഉയർന്ന കുടുമയാണ് ബ്രാഹ്മണർ എന്ന് അറിയാം. എങ്കിൽ ഉയർന്നതിലും ഉയർന്ന ശിവഭഗവാന് എന്ത് അടയാളം വെക്കും? ആ ഭഗവാൻ ഒരു സ്റ്റാറാണ്. ഏത് പോലേയാണോ ആത്മാവ് അത് പോലെ തന്നേയാണ് പരമാത്മാവും. ഭൃകുടി മധ്യത്തിൽ തിളങ്ങുന്ന വിചിത്രമായ നക്ഷത്രം. ആത്മാവിന്റെ രൂപം നക്ഷത്രം പോലെത്തന്നെയാണ്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഇതിലെ എല്ലാ ആത്മാക്കളും ബ്രഹ്മാണ്ഡം, നിരാകാരീ വൃക്ഷത്തിൽ വസിക്കുന്നു, അതിനേയാണ് നിർവ്വാണധാം എന്ന് പറയുന്നത്. ആത്മാക്കൾ നിരാകാരീ ലോകമായ സ്വീറ്റ്ഹോമിൽ നിന്ന് വരുന്നു ഇപ്പോൾ

ദു:ഖധാമമാണ്. എത്ര വിഭജനമാണ്. സത്യയുഗത്തിൽ വിഭജനങ്ങളൊന്നും ഉണ്ടാകില്ല. ഭാരതം തന്നേയായിരുന്നു ഉയർന്ന ഖണ്ഡം. ബാബയെ സത്യം എന്ന് പറയുന്നു. ബാബ പറയുന്നു ഞാൻ സത്യഖണ്ഡം സ്ഥാപിക്കുന്നതിന് വരുന്നു എങ്കിൽ തീർച്ചയായും പുതിയ ലോകം സ്ഥാപിച്ച്, പഴയ ലോകത്തെ നശിപ്പിക്കേണ്ടതല്ലേ. ഇപ്പോൾ ദു:ഖത്തിന്റെ പർവ്വതം വീഴാൻ പോവുകയാണ്. ചിലരുടെ സമ്പത്ത് മണ്ണിലടിയും.... ഞങ്ങൾ ബോംബുകൾ ഉണ്ടാക്കുന്നു, പരസ്പരം കണ്ണുരുട്ടി കാണിക്കുമ്പോൾ തീർച്ചയായും അവസാനം എല്ലാം അവസാനിക്കുക തന്നേ വേണം എന്ന് അവരും മനസിലാക്കുന്നു. എന്നാൽ ആരാണ് പ്രേരിപ്പിക്കുന്നത്, ആരാണ് ഇങ്ങനെയുള്ളവ ഉണ്ടാക്കിപ്പിക്കുന്നത് എന്ന് മനസിലാക്കുന്നില്ല. ഗീതയിലും ഉണ്ട് വയറ്റിൽ നിന്ന് ഉലക്ക വന്നു എന്ന്. ഇവയെല്ലാം ബുദ്ധിയുടെ കാര്യങ്ങളാണ്. തന്റെ രാഷ്ട്രത്തിന്റെ വിനാശം ചെയ്യുന്നതിനാണ് ബോംബുകൾ ഇടുന്നത്. യാദവർ, കൗരവർ, പാണ്ഡവർ മൂന്ന് സേനകളില്ലേ. യാദവ-കൗരവർ യുദ്ധം ചെയ്ത് നശിക്കുന്നു. ബാക്കി കൗരവ-പാണ്ഡവർ തമ്മിൽ യുദ്ധമൊന്നും ഉണ്ടാകുന്നില്ല. നിങ്ങൾക്ക് ആരുമായും യുദ്ധമില്ല. നിങ്ങൾ യോഗബലമുള്ള രാജഋഷികളാണ്. സന്യാസിമാർ ഹഠയോഗ ഋഷിമാരാണ്. അത് ശങ്കരാചാര്യൻ, ഇത് ശിവാചാര്യൻ. കൃഷ്ണ ആചാര്യൻ എന്ന് പറയില്ല. അദ്ദഹം വീണ്ടും ശ്രീകൃഷ്ണനാകുന്നതിന് വേണ്ടി ജ്ഞാനം എടുത്ത് കൊണ്ടിരിക്കുന്നു. രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. നിങ്ങൾ പതിത മുള്ളിൽ നിന്ന് ദേവീക പുഷ്പങ്ങളായി കൊണ്ടിരിക്കുന്നു. ഗീതയിലും കേട്ടിട്ടുണ്ട്- വരൂ, അജാമിലനേ പോലെയുള്ള പാപികളെ ഉദ്ധരിക്കൂ. പതിത പാവനൻ സദ്ഗുരൂ എന്ന് മഹിമയും പാടാറുണ്ട്. നിങ്ങളെ നരനിൽ നിന്ന് നാരായണനും, രാജാക്കന്മാരുടെയും രാജാവും ആക്കി തീർക്കുന്നു. ഇതാണ് ഉദ്ദേശ്യ ലക്ഷ്യം. ഇത് പാഠശാലയല്ലേ. ഇവിടെ നമ്മൾ നരനിൽ നിന്ന് നാരായണനും, നാരിയിൽ നിന്ന് ലക്ഷ്മിയും ആകുന്നു. ഇതിൽ അന്ധവിശ്വാസത്തിന്റെ കാര്യമൊന്നുമില്ല. സ്ക്കൂളിൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഇല്ലേ. നിങ്ങൾ പരിധിയില്ലാത്ത സമ്പത്തെടുക്കുന്നതിന് ബാബയുടെ അടുക്കൽ വന്നിരിക്കുന്നു. അവിടെയുള്ള സമ്പത്ത് ഇവിടെ നിന്നാണ് എടുക്കുന്നത്. അത് സുഖധാമമാണ്. ഇത് ദു:ഖധാമമാണ്. ഗീതത്തിൽ കേട്ടു - ഞാൻ ചെറിയ കുട്ടിയാണ്....നിങ്ങൾ കുട്ടികളല്ലേ. ചിലർ 25 വർഷത്തെ, ചിലർ 20 വർഷത്തെ. ബാബ പറയുന്നു- ഒരു ദിവസത്തെ കുട്ടിക്ക് പോലും സമ്പത്തെടുക്കാൻ സാധിക്കും. പരിധിയില്ലാത്ത അച്ഛൻ വീണ്ടും ഭാരതത്തെ വജ്ര തുല്യമാക്കാൻ വന്നിരിക്കുന്നു. സത്യയുഗത്തിൽ എത്ര വജ്ര-രത്നങ്ങളുടെ കൊട്ടാരമായിരുന്നു. അക്കാര്യമൊന്നും ചോദിക്കേണ്ട. പിന്നീട് ഭക്തിമാർഗം ആരംഭിക്കുമ്പോൾ പതിത രാജാക്കന്മാർ ഇരുന്ന് സോമനാഥ് പോലുള്ള ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു. രാജാക്കന്മാരുടെ അടുക്കൽ ക്ഷേത്രങ്ങൾ ഉണ്ടായിരിക്കും. ഇന്ന് ധാരാളം ക്ഷേത്രങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. അങ്ങ് തന്നെ പൂജ്യൻ അങ്ങ് തന്നെ പൂജാരി - ഈ മഹിമ പരമപിതാ പരമാത്മാവിന്റേതല്ല. പരമാത്മാവിന്റെ മഹിമ എല്ലാവരേക്കാൾ വേറിട്ടതാണ്. ഓരോ മനുഷ്യരുടെ മഹിമയും വേറെ വേറെയായിരിക്കും. ആരിൽ നിന്നാണോ നിങ്ങൾ 21 ജന്മത്തെ സമ്പത്തെടുക്കുന്നത് ആ ബാബയുടെ മഹിമയാണ് ഉയർന്നതിലും ഉയർന്നത്. പിന്നീട് ദ്വാപരം മുതൽ നിങ്ങൾ ലൗകീക അച്ഛന്റെ മക്കൾ ഏത് പോലെ കർമ്മം അത് പോലുള്ള ജന്മമെടുക്കുന്നു. ധനം ദാനം ചെയ്യുന്നതിലൂടെ ഒരു ജന്മം അൽപ്പകാല സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നു. രാജാക്കന്മാർ പോലും രോഗികളാകാറില്ലേ. സ്വർഗത്തിൽ രോഗിയാകുന്നില്ല. നിങ്ങൾക്ക് കുറഞ്ഞത് 150 വർഷം ആയുസ്സുണ്ടാകും. എത്ര ആരോഗ്യവാന്മാരായിരിക്കും. രോഗം, ദു:ഖം എന്നിവയുടെ പേര് പോലും ഉണ്ടാകില്ല. ശിവബാബ കുട്ടികൾക്കായി സമ്മാനം കൊണ്ട് വന്നിരിക്കുന്നു. ഇതിനെ ഉള്ളം കൈയ്യിൽ സ്വർഗം എന്ന് പറയുന്നു. സൂര്യവംശിയാകാം, ചന്ദ്രവംശിയാകാം, സമ്പന്ന പ്രജയാകാം - പുരുഷാർത്ഥം ചെയ്യേണ്ടതുണ്ട്. കൃഷ്ണനേപോലെയാകണം എന്ന ലക്ഷ്യമുണ്ട്. ബാക്കി കൃഷ്ണനുവാച ഒന്നും ഇല്ല. ഇത് ഭഗവാനുവാചയാണ്. മനസിലാക്കി തരുന്നു - ഇത് രുദ്ര ജ്ഞാന യജ്ഞമാണ്. രാജസ്വ എന്നാൽ സ്വരാജ്യം നേടുന്നതിന് വേണ്ടി. ശാസ്ത്രങ്ങളിൽ വളരെ വലിയ കഥകൾ എഴുതി വെച്ചിരിക്കുന്നു. ബാബയിൽ ബലിയർപ്പിക്കുന്നതിനാൽ ബാബ പിന്നീട് 21 ജന്മം ബലിയാകുന്നു. ബാബ നിങ്ങൾ കുട്ടികളെ ഉയർന്നതിലും ഉയർന്നതാക്കുന്നു. ബ്രഹ്മാണ്ഡത്തിൽ വസിക്കുന്നവർ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാകില്ലേ. പിന്നീട് നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നു, ഞാൻ വിശ്വത്തിന്റെ അധികാരിയാകുന്നില്ല. നിങ്ങളെ ആക്കുന്നതിന് വേണ്ടി വരുന്നു.

നിങ്ങൾ വിളിക്കാറുമുണ്ട് - പതിത പാവനാ വരൂ, വന്ന് ഞങ്ങളെ പാവനമാക്കൂ. പിന്നെ എങ്ങിനെ സർവ്വവ്യാപിയാകും. സദ്ഗതി ദാതാവ് പതിത-പാവനൻ ഒരേയൊരു ബാബയാണ്. ഈ സമയം എല്ലാവരും തമോപ്രധാനമായിരിക്കുന്നു. സതോ-രജോ-തമോവിലൂടെ എല്ലാവർക്കും കടന്നു പോകണം. എല്ലാ വസ്തുവും ആദ്യം സതോപ്രധാനമായിരിക്കും, പിന്നീട് തമോപ്രധാനമാകുന്നു. സത്യയുഗത്തിലും ദേവീ-ദേവതമാർ സതോപ്രധാനം പിന്നീട് ത്രേതയിൽ സതോ രാമരാജ്യം, ക്ഷത്രിയൻ, പിന്നീട് രജോയിൽ വൈശ്യർ, തമോയിൽ ശൂദ്രൻ, എന്നീ വർണങ്ങളും ഇല്ലേ. വിരാട് രൂപത്തിൽ ദേവതാ, ക്ഷത്രിയൻ, വൈശ്യൻ,

ശൂദ്രൻ എന്നിങ്ങനെ കാണിച്ചിരിക്കുന്നു. ബാബയേയും ബ്രാഹ്മണരേയും മറച്ച് വെച്ചിരിക്കുന്നു. നിങ്ങൾ ബ്രാഹ്മണർ ദേവതമാരേക്കാൾ ഉയർന്നവരാണ് കാരണം നിങ്ങൾ ഭാരതത്തിന്റെ ഉയർന്ന സേവനം ചെയ്യുന്നു. നിങ്ങൾ ശ്രീമതമനുസരിക്കുന്നവരാണ്. ശ്രേഷ്ഠത്തിലും ശ്രേഷ്ഠം, ഉയർന്നതിലും ഉയർന്ന ഭഗവാന്റെ മതം ലഭിക്കുന്നു അതിലൂടെ നിങ്ങൾ ശ്രീ ലക്ഷ്മീ-നാരായണനാകുന്നു, ശ്രീ ശ്രീ ശിവബാബയിലൂടെ. പിന്നീട് മായയുടെ പ്രവേശനം ഉണ്ടാകുമ്പോൾ നിങ്ങൾ ആസുരീയമാകുന്നു. കൽപ്പ കൽപ്പം ബാബ വന്ന് ഇങ്ങിനെ മനസിലാക്കി തരുന്നു. മനുഷ്യരിൽ നിന്ന് ദേവതയാക്കുന്നതിന് വേണ്ടി ബാബ ജ്ഞാനകലശം നിങ്ങൾ മാതാക്കളിൽ വെച്ചിരിക്കുന്നു. സന്യാസിമാർ മാതാക്കളെ നരകത്തിന്റെ വാതിൽ എന്ന് മനസിലാക്കുന്നു, നിന്ദയാണ് ചെയ്യുന്നത് പിന്നീട് വന്ന് മാതാക്കളോട് ഭിക്ഷ യാചിക്കുന്നു, കടമായി മാറുന്നു അതിനാൽ വീണ്ടും ഗൃഹസ്ഥികളിൽ പുനർജന്മമെടുക്കുന്നു, സന്യാസം ചെയ്യുന്നു. പുനർ ജന്മമെടുക്കുന്നില്ല എങ്കിൽ ഇത്രയും സന്യാസിമാർ എവിടേ നിന്ന് വന്നു. ഭാരതം പവിത്രമായിരുന്നു, സമ്പൂർണ നിർവ്വികാരീ ലോകം എന്ന് പറഞ്ഞിരുന്നു. ദേവതമാരുടെ മുന്നിൽ മഹിമ പാടിയിരുന്നു - അങ്ങ് സർവ്വഗുണ സമ്പന്നൻ.... പിന്നീട് സ്വയത്തെ ഞാൻ നിർഗുണഹാരത്തിലെ യാതൊരു ഗുണവുമില്ലാത്തവൻ എന്നും പറയുന്നു. സർവ്വഗുണ സമ്പന്നൻ - ഇത് ശിവബാബയുടെ മഹിമയല്ല, ദേവതമാരുടെ മഹിമയാണ്. എന്നാൽ പരിപൂർണ ജ്ഞാനമില്ലാത്തത് കാരണം രാമനും സീതക്കും മുന്നിൽ ഈ മഹിമ ചെയ്യുന്നു. ശിവജയന്തി ആഘോഷിക്കുന്നു എന്നാൽ ഒന്നും മനസിലാക്കുന്നില്ല. എന്നാൽ ബാബ പറയുന്നു - ഇപ്പോൾ നിങ്ങളുടെ ജ്ഞാനത്തിന്റെ മൂന്നാം കണ്ണ് തുറന്നു. ദേവതമാർക്ക് മുന്നാമത്തെ കണ്ണ് ഉണ്ടാകുന്നില്ല. ചിത്രത്തിൽ ദേവതമാരിൽ കാണിക്കുന്നു എന്നാൽ വാസ്തവത്തിൽ നിങ്ങൾക്കാണ്. എന്നാൽ മൂന്നാം കണ്ണ് തുറക്കുന്നു പിന്നീട് അടഞ്ഞ് പോകുകയും ചെയ്യുന്നു. ആശ്ചര്യത്തോടെ കേൾക്കുന്നു, കാണുന്നു, മറ്റുള്ളവരെ കേൾപ്പിക്കുന്നു, പിന്നീട് ഓടി പോകുകയും ചെയ്യുന്നു. വളരെ നല്ല നല്ല കുട്ടികൾ മായയോട് പരാജയപ്പെടുന്നു. ബാബ 5 വികാരങ്ങളെ ജയിക്കുന്നതിന് വേണ്ടി യുദ്ധം ചെയ്യിക്കുന്നു. വേറെ യുദ്ധമൊന്നുമില്ല. നിങ്ങൾ ഇപ്പോഴാണ് ബ്രഹ്മാവംശികളും പിന്നീട് ദേവതമാരും ആകുന്നത്. ഇപ്പോൾ ശൂദ്രനിൽ നിന്ന് ബ്രാഹ്മണ വർണത്തിൽ വരുന്നു. ഈ സമയം സൃഷ്ടിയുടെ ചക്രം മുഴുവൻ ബുദ്ധിയിലുണ്ട്. നാടകം പൂർത്തിയാകുന്നു. ബാബ കൊണ്ടു പോകുന്നതിന് വേണ്ടി വന്നിരിക്കുന്നു. മായ എല്ലാവരേയും പതിതരാക്കി. ഇപ്പോൾ ബാബ പറയുന്നു- യോഗാഗ്നിയിലൂടെ നിങ്ങൾ വികർമ്മാജീത്താകൂ, ഇതിൽ പരിശ്രമം വേണം. മറ്റൊന്നും ചെയ്യേണ്ടതില്ല, ബാബയെ ഓർമ്മിക്കണം. ബാബാ ഞങ്ങൾ അങ്ങയുടേതായിരുന്നു. അങ്ങ് ഞങ്ങളെ പിന്നീട് സത്യയുഗത്തിൽ അയച്ചു, സത്യയുഗത്തിൽ പുനർജന്മം എടുത്ത് കൊണ്ടിരിക്കുന്നു. പിന്നീട് ത്രേതായുഗത്തിൽ വരുമ്പോൾ പുനർജന്മം ത്രേതായുഗത്തിൽ എടുക്കുന്നു. ഇവരോടും ബാബ പറയുന്നു- നിങ്ങൾ സ്വന്തം ജന്മം അറിയുന്നില്ല, ഞാൻ പറഞ്ഞ് തരുന്നു. മനുഷ്യർ എങ്ങിനെ 84 ജന്മം എടുക്കുന്നു. 84 ലക്ഷത്തിന്റെ കാര്യം ഉണ്ടാകുന്നേ ഇല്ല. കൽപ്പത്തിന്റെ ആയുസ്സ് തന്നെ 5000 വർഷമാണ്. ഈ ശാസ്ത്രങ്ങൾ നിങ്ങളെ ഘോര നിദ്രയിൽ കിടത്തുന്നു. ഇപ്പോൾ ബാബ നിങ്ങളെ ഉണർത്തി. നിങ്ങൾ ഉണർന്ന് ബാബയിൽ നിന്ന് സമ്പത്തെടുത്ത് കൊണ്ടിരിക്കുന്നു. നിങ്ങൾ ചെറിയ കുട്ടികളാണ്, ചിലർ മൂന്ന് മാസത്തെ. ചിലർ നാല് മാസത്തെ. നിങ്ങൾ ഈശ്വരന്റേതായി എങ്കിൽ താങ്കൾക്ക് ഈ പഴയ ലോകം മരിച്ച് കഴിഞ്ഞു. ബാബയുടേതായി എങ്കിൽ ദേഹാഭിമാനം ഇല്ലാതാകുന്നു. ബാബ പറയുന്നു -ശരീരത്തിൽ ഇരുന്ന് കൊണ്ടും, ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നും കമല പുഷ്പ സമാനം കഴിയണം. സത്യയുഗത്തിൽ നിങ്ങൾ പവിത്ര സംബന്ധത്തിലായിരുന്നു ഇപ്പോൾ അപവിത്ര ഗൃഹസ്ഥ ധർമ്മത്തിൽ പെട്ടവരായി. നിങ്ങൾ ദേവീ-ദേവതാധർമ്മത്തിലുള്ളവർ തന്നേയാണ് 84 ജന്മം എടുക്കുന്നത്. നിങ്ങൾ തന്നേയാണ് ഭക്തിയും ആരംഭിക്കുന്നത്. നിങ്ങൾ പൂജ്യരിൽ നിന്ന് പൂജാരികളും ആയി തീരുന്നു. ആദ്യം നിങ്ങൾ അവ്യഭിചാരീ ഭക്തി ചെയ്തു, ഇപ്പോൾ ഭക്തിയും വ്യഭിചാരിയായി തീർന്നിരിക്കുന്നു. പിന്നീട് നിങ്ങൾക്ക് ബാബയിൽ നിന്ന സമ്പത്ത് ലഭിക്കുന്നു. ബാബയ്ക്ക് വരേണ്ടതും സംഗമയുഗത്തിൽ തന്നേയാണ്. യുഗേ-യുഗേ എന്ന് പറയുന്നത് 4 യുഗത്തിനേയല്ലേ, പിന്നെ 24 അവതാരം മത്സ്യം-കൂർമ്മാവതാരം എങ്ങിനെ സംഭവിക്കും? ഈശ്വരൻ ഒന്ന് മാത്രം, രചയിതാവും ഒന്ന് മാത്രം രചനയും ഒന്ന് മാത്രം. ശരി-

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം -

1) സ്വരാജ്യത്തിന് വേണ്ടി ബാബയിൽ ബലിയർപ്പണമാകണം. ഉദ്ദേശ്യ ലക്ഷ്യം സദാ സമീപം വെക്കണം.

പുരുഷാർത്ഥം ചെയ്ത് സൂര്യവംശിയാകണം.

2) ബാബയിൽ നിന്ന് ലഭിച്ച ജ്ഞാനത്തിന്റെ മൂന്നാം നേത്രം സദാ തുറന്നിരിക്കണം. മായയുടെ പ്രവേശനം ഇല്ലാതിരിക്കുന്നതിന് പൂർണ്ണ ശ്രദ്ധ നൽകണം. യോഗാഗ്നിയിലൂടെ വികർമ്മാജീത്താകണം.

## വരദാനം:- സർവ്വ സംബന്ധങ്ങളാലും ബാബയെ സ്വന്തമാക്കി ഏകരസമായി കഴിയുന്ന നഷ്ടോമോഹയായി ഭവിക്കൂ

നഷ്ടോമോഹ, സ്മൃതി സ്വരൂപരാകുന്നതിന് വേണ്ടി സർവ്വ സംബന്ധങ്ങളിലും ബാബയും സ്വന്തമാക്കൂ. ഒരു ശാരീരിക സംബന്ധത്തിലും ബുദ്ധിയുടെ മമത്വം ഉണ്ടായിരിക്കരുത്. അഥവാ എവിടെയെങ്കിലും മമത്വം ഉണ്ടായിരിക്കുകയാണെങ്കിൽ ബുദ്ധി അലയും. ഇരിക്കുന്നത് ബാബയെ ഓർമ്മിക്കാനായിരിക്കും എന്നാൽ ഏതൊന്നിലാണോ മോഹമുള്ളത് അതായിരിക്കും ഓർമ്മ വരുന്നത്. ചിലരുടെ മോഹം പണത്തിലായിരിക്കും, ചിലരുടേത് ആഭരണത്തിലായിരിക്കും, ചിലരുടേത് ഏതെങ്കിലും സംബന്ധത്തിലായിരിക്കും... എവിടെയാണോ അവിടേക്ക് ബുദ്ധി പോകും. അഥവാ വീണ്ടും വീണ്ടും ബുദ്ധി പോകുന്നുണ്ടെങ്കിൽ ഏകരസമായി കഴിയാൻ സാധിക്കില്ല.

## സ്ലോഗൻ:- പ്രകൃതിയെ ദാസിയാക്കൂ എങ്കിൽ ഉദാസീനത ദൂരെ ഓടിപ്പോകും.